**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3120 23/03/2015-ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.രാജു** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) 2013-14 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത ഗ്രാമം ഏതെന്ന് വ്യക്തമാക്കുമോ; | എ) 2013-14 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിനെയാണ് പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തത്. |
| ബി) പ്രസ്തുത പദ്ധതി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും പദ്ധതി നടപ്പിലാക്കിയ നോഡൽ ഏജൻസി ഏതെന്നും വ്യക്തമാക്കുമോ; | ബി) മാതൃകാ ഹൈടെക് ഗ്രാമം പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള യാണ് മാതൃക ഹൈടെക് ഹരിതഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്ത നോഡൽ ഏജൻസി. |
| സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിൽ കൃഷി ഭവൻ, ജില്ലാ കൃഷി ഓഫീസർ എന്നിവർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കൃഷി വകുപ്പിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | സി) മാതൃക ഹൈടെക് ഹരിത ഗ്രാമ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ പോഷക സുരക്ഷ, ജല സുരക്ഷ, ഊർജ്ജ സുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പ് വരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ കീഴിലുള്ള വിവിധ വകുപ്പുകളുടെയും |

ഏജൻസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനമാണ് പദ്ധതി വിഭാവന ചെയ്യുന്നത്. സംസ്ഥാന കൃഷി വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, മത്സ്യ വകുപ്പ്, ക്ഷീര വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, എസ്.സി എസ്.റ്റി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള, ഹോർട്ടികോർപ്പ്, അനർട്ട്, ശുചിത്വമിഷൻ, ജലനിധി, സ്പൈസസ് ബോർഡ് എന്നീ വിവിധ ഏജൻസികളാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇവയുടെ ഏകോപന ചുമതല നോഡൽ ഏജൻസിയായ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനാണ്.

പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്ന കാർഷിക പദ്ധതികൾ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ജില്ലാതലത്തിൽ ഇവയുടെ ചുമതല ജില്ലാ കൃഷി ഓഫീസർക്കാണ്.

19-10-2013-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 1830/2013/എഡി പ്രകാരം പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പഞ്ചായത്ത്തല കമ്മറ്റിയുടെ കൺവീനർ കൃഷിഓഫീസറും, പദ്ധതിയുടെ മേൽനോട്ടം നടത്തുന്ന ജില്ലാതല കമ്മിറ്റിയുടെ വൈസ് ചെയർമാൻ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും കൺവീനർ ജില്ലയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ - ഹോർട്ടിക്കൾച്ചറുമാണ്.

സെക്ഷൻ ഓഫീസർ